ആലപ്പുഴ നഗരത്തിലെ കനാലുകൾ

24(227) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനുമുള്ള എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കനാലുകൾ നവീകരിക്കുന്ന പദ്ധതിക്കാവശ്യമായ ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ;

(സി) ഇതു സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ എന്നാണ് യോഗം ചേർന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതി ഏതെങ്കിലും സർക്കാരിതര ഏജൻസികളുടെ ധനസഹായത്തോടെയാണോ നടത്താൻ ഉദ്ദേശിക്കുന്നത് ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(ഇ) പദ്ധതിക്ക് അനുമതി നൽകി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി ബോദ്ധ്യമായിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും വേണ്ടി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള സമഗ്രമായ ഒരു പദ്ധതിയാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. പ്രസ്തുത പദ്ധതി സംബന്ധിച്ച് 'നാറ്റ്പാക്ക്' തയ്യാറാക്കിയ 36.2 കോടി രൂപ ചെലവുപ്രതീക്ഷിക്കുന്ന പ്രോജക്ട് റിപ്പോർട്ട് നബാർഡിന്റെ അംഗീകാരത്തിനായി ധനകാര്യവകുപ്പുവഴി സമർപ്പിച്ചിരുന്നു. 18-7-2000-ലെ സർക്കാർ ഉത്തരവ് (എം.എസ്) 1033/2000/ഫിൻ. പ്രകാരം മാഹി-വളപട്ടണം, ആലപ്പുഴയിലെ കനാലുകളുടെ നവീകരണം, ടി.എസ്. കനാലിന്റെ കോവളം മുതൽ കൊല്ലം വരെയുള്ള കനാലുകളുടെ നവീകരണം എന്നിവയ്ക്കുവേണ്ടി 20 കോടി രൂപ നബാർഡിൽ നിന്നും വായ്പയെടുക്കുന്നതിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ആലപ്പുഴ നഗരത്തിലെ കനാലുകളുടെ നവീകരണം സംബന്ധിച്ച് 12-4-2000-ലും 14-6-2000-ലും എന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. 14-6-2000-ൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ഇറിഗേഷൻ വകുപ്പ് സെക്രട്ടറി കൺവീനറായും ലോക്കൽ സെൽഫ് ഗവൺമെന്റ്, ഫിനാൻസ്, ടൂറിസം, അർബൻ ഡവലപ്പ്മെന്റ് എന്നീ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു

LIBRARY ARCHIVES Kerala Legislative Assembly

മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനമെടുത്തിരുന്നു. 6-7-2000-ലെ സ.ഉ.(സാ)13/2000 സിഎസ്ഐഎൻഡി പ്രകാരം പ്രസ്തുത കമ്മിറ്റി രൂപീകരിക്കുകയും, ടി കമ്മിറ്റി 19-10-2000-ൽ യോഗം ചേരുകയും ആലപ്പുഴ കനാലുകളുടെ നവീകരണത്തിനും, സൗന്ദര്യവൽക്കരണത്തിനും വേണ്ടി ബന്ധപ്പെട്ട വകുപ്പുകളുടെ കീഴിൽ നടത്തേണ്ട ജോലികൾ സംബന്ധിച്ച് തീരുമാനമെടുക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ പദ്ധതി ആർഐഡിഎഫ്- VI-ൽ ഉൾപ്പെടുത്തി നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) പ്രസ്തുത പദ്ധതിക്ക് 36.2 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഈ തുക നബാർഡിൽ നിന്നും ലഭിക്കുന്നതിനുള്ള കാല താമസമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നത്.

"ജലസേചനരംഗം കർമ്മനിരത"മെന്ന പ്രസിദ്ധീകരണം

25(228) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഏപ്രിൽ മാസത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കിയ 'ജലസേചനരംഗം കർമ്മനിരത" മെന്ന പ്രസിദ്ധീകരണത്തിൽ കമ്മീഷൻ ചെയ്തതായി പറയുന്ന 15 വൻകിട ഇടത്തരം പദ്ധതികളിൽ ഓരോന്നിന്റേയും പേരുവിവരവും ചെലവായ തുകയും കമ്മീഷൻ ചെയ്ത തീയതിയും ജലസേചനം നടത്തുന്ന സ്ഥലവിസ്തീർണ്ണവും വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പണി നടന്നു കൊണ്ടിരുന്നതും ഇപ്പോൾ പൂർത്തികരിച്ചതുമായ പദ്ധതികളുടെ ഓരോന്നിന്റെയും പേരും ചെലവായ തുകയും ജലസേചനം നടത്തുന്ന സ്ഥല വിസ്തീർണ്ണവും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ പണി തുടങ്ങിയ ജലസേചന പദ്ധതികളുടെ പേരും ചെലവായ തുകയും കമ്മീഷൻ ചെയ്ത തീയതിയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ചോദ്യത്തിൽ പരാമർശിക്കുന്ന 15 വൻകിട ഇടത്തരം ജലസേചനപദ്ധതികളെ സംബന്ധിച്ച് വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നടന്നുകൊണ്ടിരുന്ന ജലസേചനപദ്ധതികളിൽ ഇടത്തരം പദ്ധതിയായ കണക്കൻകടവിലെ റഗുലേറ്റർ കം ബ്രിഡ്ജ് പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതികൊണ്ട് 2600 ഹെക്ടർ സ്ഥലം ഓരുവെള്ള ഭീഷണിയിൽനിന്നും മുക്തമാക്കി കൃഷിക്ക് ഉപയുക്തമാക്കുവാൻ സാധിക്കുന്നതാണ്. ഈ പദ്ധതിക്കുവേണ്ടി 3/2000 വരെ 11 കോടി രൂപ (പതിനൊന്ന് കോടി രൂപ) ചെലവായിട്ടുണ്ട്.

---

†അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly